# മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇൻഡ്യ ലിമിറ്റഡ്

## പത്രപ്രസ്താവന

## എം.പി.ഐ. യുടെ സംരംഭക സഹായ പദ്ധതി

ഫുഡ് ടെക്നോളജി/ലൈവ് സ്റ്റോക്ക്/കുക്കറി/ബുച്ചറി തുടങ്ങിയ കോഴ്സുകൾ പാസ്സായി ജോലിരഹിതരായി കഴിയുന്ന യുവജനങ്ങൾക്കും മറ്റു തൊഴിൽരഹിതർക്കും സ്വന്തമായി സംരംഭങ്ങൾ ആരംഭിക്കാൻ എം.പി.ഐ. യുടെ മിനിസെയിൽസ് ഔട്ട്ലറ്റുകൾ കം ഫുഡ് ഹബ്ബുകൾ തുടങ്ങാനുള്ള ധനസഹായം കേരള സർക്കാർ നൽകുന്നു. ആദ്യം 1000 ഔട്ട്ലറ്റുകൾ ഈ വർഷം ആരംഭിക്കുന്നതാണ്. ഒരു സംരംഭകന് എം.പി.ഐ. ഒരു ഫ്രീസർ നൽകുന്നതാണ്. ഘട്ടംഘട്ടമായിട്ടായിരിക്കും തെരഞ്ഞെടുക്കുന്ന സംരംഭകർക്ക് ഔട്ട്ലറ്റുകൾ തുടങ്ങാനുള്ള സഹായം നൽകുന്നത്.

കുറഞ്ഞത് 100 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള വൈദ്യുതി കണക്ഷനുള്ള കടമുറി സ്വന്തമായോ വാടകയ്ക്കോ അതിനൊപ്പം മറ്റു അനുബന്ധ ഉപകരണങ്ങളും ഔട്ട്ലറ്റിനായി സൗകര്യപ്പെടുത്തണം. ഈ അടിസ്ഥാനസൗകര്യങ്ങളൊരുക്കാൻ ബാങ്കുകളിൽനിന്നും വായ്പാസൗകര്യം ആവശ്യമുള്ളവരുടെ വായ്പയ്ക്കുള്ള അപേക്ഷ എം.പി.ഐ. അതത് ബാങ്കുകൾക്ക് ശുപാർശ ചെയ്യുന്നതായിരിക്കും. മൈക്രോഫിനാൻസ് ബാങ്കുകളിൽനിന്നും ലഭ്യമാകുന്നതിന്റെ തിരിച്ചടവ് സംരംഭകരുടെ സ്വന്തം ഉത്തരവാദിത്വത്തിലായിരിക്കും.

രജിസ്ട്രേഷൻ ജൂൺ 19 മുതൽ ആഗസ്റ്റ് 31 വരെ നടത്താവുന്നതാണ്. രജിസ്ട്രേഷന്റെ മുൻഗണനാക്രമത്തിലായിരിക്കും അർഹരായവർക്ക് ഔട്ട്ലറ്റുകൾ അലോട്ടു ചെയ്യുന്നത്.

അപേക്ഷാഫാറത്തിനായി കമ്പനിയുടെ താഴെപ്പറയുന്ന വെബ്സൈറ്റ് സന്ദർശിക്കുക

Website : meatproductsofindia.com

വിശദവിവരങ്ങൾക്ക് താഴെപ്പറയുന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**9446489333**

മാനേജിങ്ങ് ഡയറക്ടർ

# <u>മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇൻഡ്യ ലിമിറ്റഡ്</u>

**<u>(ഇടയാർ, കൂത്താട്ടുകുളം, എറണാകുളം ജില്ല)</u>**

## <u>എം.പി.ഐ. യുടെ സെയിൽസ് ഔട്ട്ലറ്റുകൾ തുടങ്ങാനുള്ള സംരംഭകസഹായ പദ്ധതി ലഭിക്കാനുള്ള അപേക്ഷ</u>

Photo

| | | |
|---|---|---|
| 1 | അപേക്ഷകന്റെ പേര്, മേൽ വിലാസം, ജില്ല, ഫോൺ നമ്പർ, ഇമെയിൽ, ആധാർ നമ്പർ | |
| | എ) അപേക്ഷകന്റെ യോഗ്യതകൾ | |
| 2 | എ) ഔട്ട്ലറ്റ് തുടങ്ങാനുദ്ദേശിക്കുന്ന സ്ഥലം/കെട്ടിടസൗകര്യം (കുറഞ്ഞത് 200 sq.feet) വാടകയ്ക്കോ/സ്വന്തമോ എന്ന് വ്യക്തമാക്കുക. വാടകയ്ക്ക് എങ്കിൽ വാടക കരാർ ഹാജരാക്കുക.<br>ബി) കെട്ടിടം വൈദ്യുതീകരിച്ചതാണോ ? | |
| 3 | തദ്ദേശസ്ഥാപനങ്ങളിൽനിന്നുള്ള ലൈസൻസ് കരസ്ഥമാക്കാൻ സമ്മതമാണോ എന്ന് വ്യക്തമാക്കുക | |
| 4 | ഔട്ട്ലറ്റ് സ്ഥാപിക്കാനുള്ള മറ്റ് അടിസ്ഥാനസൗകര്യങ്ങൾ സ്വന്തമായി ഒരുക്കാൻ സമ്മതമാണോ ? (സൗകര്യങ്ങൾ വിശദീകരിക്കുക) | |
| 5 | അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കാൻവേണ്ട സാമ്പത്തികസഹായം ബാങ്കുകളിൽനിന്ന് ആവശ്യമുണ്ടോ | |

| | | |
|---|---|---|
| 6 | ഏത് ബാങ്കിൽനിന്നാണ് വായ്പ എടുക്കാൻ ഉദ്ദേശിക്കുന്നത് | |
| 7 | വായ്പ എടുക്കാൻവേണ്ട ശുപാർശ എം.പി.ഐ. നടത്തണമെങ്കിൽ ആ വിവരം വ്യക്തമാക്കുക | |
| 8 | ഇതോടൊപ്പം വയ്ക്കുന്ന സെയിൽസ് ഔട്ട്ലറ്റിന്റെ ഡിസൈൻ പ്രകാരം ഔട്ട്ലറ്റ് സ്ഥാപിക്കാൻ സന്നദ്ധമാണോ ? | |
| 9 | നിയമപ്രകാരം കമ്പനിയുടെ ഉൽപന്നങ്ങൾ വിൽക്കുന്നതിനും സെയിൽസ് ഔട്ട്ലറ്റ് സ്ഥാപിക്കുന്നതിനും ഉള്ള വ്യവസ്ഥകൾ അടങ്ങുന്ന എഗ്രിമെന്റ് 200 രൂപ പത്രത്തിൽ ഒപ്പിട്ടു നൽകാൻ തയ്യാറാണോ ? | |
| 10 | കുറഞ്ഞത് 2000 കി.ഗ്രാം. ഇറച്ചി ഉൽപന്നങ്ങൾ ഒരുമാസം വിറ്റഴിക്കാൻ സമ്മതമാണോ ? | |

## സമ്മതപത്രം

എം.പി.ഐ. യുടെ ഇറച്ചിയും ഇറച്ചിഉൽപന്നങ്ങളും വിൽക്കുന്നതിനുള്ള സെയിൽസ് ഔട്ട്ലറ്റ് സ്ഥാപിക്കുന്നതിനുള്ള അപേക്ഷയിൽ ഞാൻ സമർപ്പിച്ച വിവരങ്ങൾശരിയാണെന്നും എനിക്ക് സെയിൽസ് ഔട്ട്ലറ്റ് തുടങ്ങാനുള്ള അനുമതി നൽകണമെന്നും അപേക്ഷിക്കുന്നു.

ഒപ്പ്

(അപേക്ഷകൻ)

### ഓഫീസ് ആവശ്യത്തിന്

അപേക്ഷകൻ നിർദ്ദേശിച്ച സ്ഥലം സന്ദർശിക്കുകയുണ്ടായി. അവശ്യംവേണ്ട സൗകര്യങ്ങൾ ഉണ്ട്. സെയിൽസ് ഔട്ട്ലറ്റ് അനുവദിക്കാവുന്നതാണ്. .

(അസിസ്റ്റന്റ്) (പ്രൊഡക്ഷൻ എൻജിനീയർ)

മാനേജിങ്ങ് ഡയറക്ടർ